# എന്റെ അമ്മ



**Exported from Wikisource on 2021, മാർച്ച് 3**

**എന്റെ അമ്മ**

രചന:*പി. പദ്മനാഭപിള്ള*

**ആ**രിങ്ങു പാൽതന്നു വളർത്തിയെന്നെ -
ത്താരാട്ടി കൈത്താരിലണച്ചു മോദാൽ?
മാധുര്യമേറീടിന ചുംബനങ്ങ -
ളാരേകിനാളെന്റെ കവിൾത്തടത്തിൽ
-എന്റെ അമ്മ

ഉറക്കമെൻ കണ്ണുകളെ ത്യജിച്ചു
ഗമിച്ചിടുന്നേരമെടുത്തു കൈയിൽ ;
ആരുറ്റ മാധുര്യമിയന്ന പാട്ടാൽ
ത്താരാട്ടിയെന്നെക്കരയാതിരിപ്പാൻ?
-എന്റെ അമ്മ

ഞാൻ വീണിടുമ്പോളതിസംഭ്രമം പൂ-
ണ്ടാരോടിവന്നെന്നെയെടുത്തു വേഗാൽ
സാരസ്യമേറും കഥ ചൊല്ലിയുമ്മ
വെച്ചീടിനാൾ വേദന പോക്കുവാനായ്?
-എന്റെ അമ്മ

എന്നോടിവണ്ണം ദയ കാട്ടിയോരു
നിന്നോടെനിക്കൊറ്റ വിനാഴികയ്ക്കും
കുന്നിച്ചിടും സ്നേഹദയാദിയെല്ലാം
കുന്നിക്കുപാലും കുറയുന്നതാണോ?

വയേ്യ സഹിക്കുന്നതിനാവിചാരം;
ആയുസ്സെനിക്കീശ്വരനേകുമെങ്കിൽ
നീയെന്നെ രക്ഷിച്ചതിനായി ഞാനു-
മായോണമേകാമുചിതോപകാരം

ക്ഷീണിച്ചു നീ വൃദ്ധതയാർന്നിടുമ്പോൾ
പ്രീണിച്ചു ഞാനെൻ ബലമുള്ള കൈയാൽ
പാലിച്ചിടും നിന്നെ നിനക്കുദിക്കും
ദീനങ്ങളെ ദൂരെയുടൻ തുരത്തും.

കിടപ്പിലായാലരികത്തിരുന്നു
പടുത്വമോടെ പരിചര്യ ചെയ്വൻ

കടുത്തിടും സ്നേഹഗുണത്തിനാൽ ഞാൻ
തുടുത്ത കണ്ണീർ തുടരെപ്പൊഴിക്കും.

# About this digital edition

This e-book comes from the online library Wikisource[1]. This multilingual digital library, built by volunteers, is committed to developing a free accessible collection of publications of every kind: novels, poems, magazines, letters...

We distribute our books for free, starting from works not copyrighted or published under a free license. You are free to use our e-books for any purpose (including commercial exploitation), under the terms of the Creative Commons Attribution-ShareAlike 3.0 Unported[2] license or, at your choice, those of the GNU FDL[3].

Wikisource is constantly looking for new members. During the realization of this book, it's possible that we made some errors. You can report them at this page[4].

The following users contributed to this book:

- Govtsndpupspattathanam
- Fotokannan
- Manuspanicker
- Manojk

---

1. ↑ https://wikisource.org
2. ↑ https://www.creativecommons.org/licenses/by-sa/3.0
3. ↑ https://www.gnu.org/copyleft/fdl.html
4. ↑ https://wikisource.org/wiki/Wikisource:Scriptorium